**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1715** **16-10-2026-ൽ മറുപടിയ്ക്ക്**

**കല്യാശ്ശേരി മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. വിജിൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** കല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര വെറ്ററിനറി ഡിസ്പെൻസറികളാണ് പ്രവർത്തിച്ചുവരുന്നതെന്നും പ്രസ്തുത ഡിസ്പൻസറികളിലേക്കായി എത്ര വെറ്ററിനറി സർജൻ തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

**മറുപടി:** കല്യാശ്ശേരി മണ്ഡലത്തിൽ നിലവിൽ 9 വെറ്ററിനറി ഡിസ്പെൻസറികളും ഒരു വെറ്ററിനറി ഹോസ്പിറ്റലും ആണ് ഉള്ളത്. പ്രസ്തുത ഡിസ്പെൻസറികളിലേക്ക് ഓരോ വെറ്ററിനറി സർജൻ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

**(ബി)** പ്രസ്തുത ഡിസ്പെൻസറികളിൽ മുഴുവൻ സമയ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടോ; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ഡിസ്പെൻസറികളിൽ മുഴുവൻ സമയ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടില്ല .

ഡിസ്പെൻസറികളിൽ വെറ്ററിനറി സർജൻ തസ്തിക ഒഴിവില്ല. എന്നാൽ സീനിയർ വെറ്ററിനറി സർജൻ തസ്തികയിൽ ഒഴിവുള്ള പഴയങ്ങാടി വെറ്ററിനറി ഹോസ്പിറ്റലിൽ സീനിയർ വെറ്ററിനറി സർജൻ തസ്തികയിലെ ഒഴിവു നികത്തുവാനുള്ള നടപടി സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**